(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.എൽ.എഫ്.ഇ(പി.10)291/2015

ലോക്കൽ ഫണ്ട് ഓഡിറ്റ്

സീനിയർ ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം,

എറണാകുളം ജില്ല,

തിയ്യതി.19/02/2015.

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

സെക്രട്ടറി

ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്-2012-13,2013-14 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2012-13,2013-14സാമ്പത്തിക വർഷങ്ങളിലെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 28(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 5(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രംസഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പ്രതി

നം എൽ.എഫ് . ഇ(പി 10)291/2015 തീയതി :19/02/2015

## എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2012-13,2013-14സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പഞ്ചായത്തിന്റെ 2012-13വർഷത്തെ കണക്കുകളുടെ സർട്ടിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 15/01/2014തിയ്യതിയിലെ എൽ.എഫ്.ഇ (പി.ജി) 1005(79)/13 നമ്പരായി വിശേഷണങ്ങളില്ലാത്ത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 2013-14 വർഷത്തെ കണക്കുകൾക്ക് 19/01/2015തിയ്യതിയിലെ എൽ.എഫ്.ഇ (പി.ജി) 1811/15 നമ്പരായി വിശേഷണങ്ങളില്ലാത്ത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

പഞ്ചായത്ത് 20-11-2013 മുതൽ 14.01.2015തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിയ്ക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ജെസ്റ്റോ പോൾ, ഡെപ്യൂട്ടി ഡയറക്ടർ.

ഓഡിറ്റിന് വിനിയോഗിച്ച സമയം - 15.01.2015 മുതൽ 31.01.2015 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥര്‍ ശ്രീമതി. പി.വി.സൗദാമിനി.

ഓഡിറ്റ് ഓഫീസര്‍ (ഹയര്‍ ഹയര്‍ ഗ്രേഡ്)

ശ്രീ. കെ.എസ്.പ്രകാശ് ,ഓഡിറ്റ് ഓഫീസര്‍

ശ്രീമതി.ബിന്ദു സദാനന്ദന്‍

അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസര്‍

ശ്രീ. ശ്രീജിത്ത് .സി.ഡി.

സീനിയര്‍ ഗ്രേഡ് ഓഡിറ്റര്‍.

(ബി)നിര്‍വ്വഹണാധികാരികള്‍

പ്രസിഡന്റ് ശ്രീമതി. മണിടീച്ചര്‍

1.4.2012മുതല്‍ 31.3.2014 വരെ

സെക്രട്ടറി ശ്രീമതി ടിമ്പിള്‍ മാഗി .പി.എസ്.

1.4.2012മുതല്‍ 07.08.2012വരെ

ശ്രീ ഷിബു.എം.കെ.

08.08.2012 മുതല്‍ 31.3.2014വരെ

**ഭാഗം - 1**

**പൊതുഅവലോകനം**

# ഭാഗം -1

# പൊതു അവലോകനം



# പൊതു അവലോകനം



## 1-1 ബജറ്റ്

പഞ്ചായത്തിന്റെ 2012-13 വർഷത്തെ ബജറ്റ് 29.03.2012 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.ഇത് 23/03/2013 ൽ പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് (₹) | യഥാർത്ഥത്തിലുള്ളത് (₹) | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരുപ്പ് | 11773279 | 11773279.00 | | | |

| | | | | | |
|---|---|---|---|---|---|
| വരവ് | 59396605.00 | 59142813 | | 253792 | (-)0.43% |
| ആകെ | 71169884.00 | 70916092 | | | |
| ചെലവ് | 65437100.00 | 54525009.00 | | 10912091 | (-)16.68% |
| നീക്കിയിരുപ്പ് | 5732784.00 | 16391083.00 | | | |

2013-14 വർഷത്തെ ബജറ്റ് 23.03.2013 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് (₹) | യഥാർത്ഥത്തിലുള്ളത് (₹) | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരുപ്പ് | 5732784.00 | 16391083.00 | | | |
| വരവ് | 76382050.00 | 54476768.00 | | 21905282 | (-)28.68% |
| ആകെ | 82114834.00 | 70867851.00 | | | |
| ചെലവ് | 76322050.00 | 57939525.00 | | 18382525 | (-)24.09% |
| നീക്കിയിരുപ്പ് | 5792784.00 | 12928326.00 | | | |

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കിയത് കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 സെക്ഷൻ 214 ലെ വ്യവസ്ഥകൾ അനുസരിച്ചല്ല എന്ന് കാണുന്നു. ബജറ്റ് എസ്റ്റിമേറ്റുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ വരവു ചെലവുകളിൽ നിന്നും ബജറ്റ് എസ്റ്റിമേറ്റുകൾക്ക് കാര്യമായ വ്യത്യാസം ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം ബജറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-2 ധനകാര്യവിശകലനം

സ്ഥാപനത്തിന്റെ 2012-13 ,2013-14 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകൾ ഓഡിറ്റിന് യഥാക്രമം 11/07/2013, 19/06/2014 തിയതികളിൽ ലഭ്യമാക്കുകയുണ്ടായി. ധനകാര്യപത്രികകൾ പ്രകാരമുള്ള വരവു ചെലവു കണക്കുകൾ താഴെ കൊടുക്കുന്നു.

| | **2012-13** | **2013-14** |
|---|---|---|
| മുന്നിരുപ്പ് ₹ | 11773279 | 16391083 |
| വരവ് ₹ | 59142813 | 54476768 |
| ആകെ ₹ | 70916092 | 70867851 |
| ചെലവ് ₹ | 54525009 | 57939525 |
| നീക്കിയിരുപ്പ് | 16391083 | 12928326 |

## 1-3 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ചുള്ള പരിശോധനയിൽ താഴെപ്പറയുന്നവ ശ്രദ്ധയിൽപ്പെട്ടു

നികുതി പിരിവ് : ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ)/ തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ 2012-13 വർഷത്തിൽ 6,23,240/ രൂപയും 2013-14 വർഷത്തിൽ 7,83,751 രൂപയും പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. പഞ്ചായത്ത് കമ്മറ്റിയോ ധനകാര്യ സ്ഥിരം സമിതിയോ യഥാകാലം നികുതി പിരിവ് മോണിട്ടർ ചെയ്യുന്നില്ല.

പേഴ്സണൽ രജിസ്റ്റർ (തൻപതിവേട്): തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് തീർപ്പാക്കിയതിന്റെ വിവരം പലതിലും രേഖപ്പെടുത്തിയിട്ടില്ല. ഒരു രജിസ്റ്ററിലും തന്മാസം തീർപ്പാക്കിയതും ഇനി തീർപ്പാക്കാനുമുള്ള ഫയലുകളുടെ വിവരങ്ങൾ മാസാവസാനം രേഖപ്പെടുത്തിയിട്ടില്ല. പേഴ്സണൽ രജിസ്റ്ററുകൾ മേലധികാരികൾക്ക് സമർപ്പിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് വിതരണ രജിസ്റ്റർ ഫ്രണ്ട് ഓഫീസിൽ ലഭിയ്ക്കുന്ന തപാലുകൾ പലതും ബന്ധപ്പെട്ട സെക്ഷനുകൾ കൈപ്പറ്റുന്നതായി രേഖപ്പെടുത്തുന്നില്ല.

ഓഫീസ് മീറ്റിംഗ് : 2012-13 വർഷത്തിൻ 2തവണയും 2013-14 വർഷത്തിൽ 4 തവണയുംമാത്രമാണ് ഓഫീസ് മീറ്റിംഗ് കൂടിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഓഫീസ് മീറ്റിംഗുകൾ എല്ലാ മാസവും കൂടേണ്ടതും പ്രവൃത്തി പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ഓഡിറ്റ് റിക്കവറി രജിസ്റ്റർ: രജിസ്റ്റർ കൃത്യമായി സൂക്ഷക്കുന്നുണ്ട്

## 1-4 തനതു വരുമാനം

2012-13 വർഷം സ്ഥാപനത്തിന് തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 5.04 % കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2011-12) ₹ | തൻവർഷം (2012-13) ₹ | അധികം/ കുറവ് ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2791783 | 2958071 | 166288 | (+)5.96 |
| നികുതിയേതര വരവുകൾ | 812004 | 577293 | 234711 | (-)28.90 |
| മറ്റുവരവുകൾ | 183119 | 60635 | 122484 | (-)66.89 |
| ആകെ | 3786906 | 3595999 | 190907 | (-)5.04 |

2012-13 വർഷം സ്ഥാപനത്തിന് തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 10.89 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2012-13) ₹ | തൻവർഷം (2013-14) ₹ | അധികം/ കുറവ് ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2958071 | 3349509 | (+) 391438 | (+) 13.23 |
| നികുതിയേതര വരവുകൾ | 577293 | 516354 | *(-) 60939* | (-)10.56 |
| മറ്റുവരവുകൾ | 60635 | 121831 | (+) 61196 | (+) 100.93 |
| ആകെ | 3595999 | 3987694 | (+)391695 | (+)10.89 |

## 1-5 പദ്ധതി അവലോകനം

പഞ്ചായത്തിൽ ഓഡിറ്റ് വർഷങ്ങളിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പൂർണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2012-13 | 95 | 45 | 33 | 17 | 47.37 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2013-14 | 111 | 83 | 15 | 13 | 74.77 |

## വികസനഫണ്ട് വിനിയോഗവിവരം

**2012-13**

| | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 0 | 5825000 | 5825000 | 5716581 | 108419 | 98 |
| എസ്സ്.സി.പി | 3389755 | 2606000 | 5995755 | 3848751 | 2147004 | 64 |
| ടി.എസ്.പി | 0 | 0 | 0 | 0 | 0 | - |
| ധനകാര്യകമ്മീഷൻ | 0 | 3828191 | 3828191 | 3422907 | 405284 | 89 |
| ലോകബാങ്ക് | 156322 | 2210000 | 2366322 | 1531256 | 835066 | 65 |
| **ആകെ** | **3546077** | **14469191** | **18015268** | **14519495** | **3495773** | **81** |

**2013-14**

| | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 108419 | 8479000 | 8587419 | 8216601 | 370818 | 96 |
| എസ്സ്.സി.പി | 2147004 | 2817000 | 4964004 | 4673435 | 290569 | 94 |
| ടി.എസ്.പി | 0 | 2000 | 2000 | 2000 | 0 | 100 |
| ധനകാര്യകമ്മീഷൻ | 405284 | 4423000 | 4828284 | 4670119 | 158165 | 97 |
| ലോകബാങ്ക് | 835066 | 2417000 | 3252066 | 2662082 | 589984 | 82 |
| **ആകെ** | **3495773** | **18138000** | **21633773** | **20224237** | **1409536** | **93** |

## 1-6 **ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ**

ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | 2012-13 | | 2013-14 | |
|---|---|---|---|---|
| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണ ഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ | ഗുണ ഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 129360 | 92 | 60720 | 93 |

| | | | | |
|---|---|---|---|---|
| കർഷകതൊഴിലാളി വേതനം | 404100 | 79 | 368265 | 78 |
| വിധവാപെൻഷൻ | 7473047 | 1052 | 8209154 | 1053 |
| വാർദ്ധക്യകാലപെൻഷൻ | 1419590 | 197 | 1361045 | 222 |
| വികലാംഗപെൻഷൻ | 1818482 | 267 | 2704997 | 291 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 790678 | 120 | 1085876 | 124 |
| വിവാഹധനസഹായം | 150000 | 13 | 290000 | 11 |
| ആകെ | 12185257 | 1820 | 14080057 | 1872 |

## 1-7 മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതി

പഞ്ചായത്തിൽ 2012-13, 2013-14 വർഷങ്ങളിലെ മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2012-13 | 2013-14 |
|---|---|---|
| രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബാംഗങ്ങൾ | 1682 | 1853 |
| ജനറൽ വിഭാഗം | 1516 | 1667 |
| പട്ടികജാതി വിഭാഗം | 166 | 186 |
| പട്ടികവർഗ്ഗ വിഭാഗം | 0 | 0 |
| ആകെ തൊഴിൽ ദിനങ്ങൾ | 63176 | 38090 |
| 100 ദിവസം തൊഴിൽ നല്കിയിട്ടുള്ള കുടുംബം | 399 | 76 |
| ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | 225 | 183 |
| പ്രവൃത്തികൾക്കായി ആകെ ചെലവ് (₹) | 10863725 | 6080186 |

## 1-8 ഗ്രാമസഭ

അധികാരവികേന്ദ്രീകരണത്തിന്റേയും വികേന്ദ്രീത ആസൂത്രണത്തിന്റേയും അടിസ്ഥാന ഘടകമാണ് ഗ്രാമസഭ. ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ളത് പ്രകാരം വർഷത്തിൽ നാലു പ്രാവശ്യം ഗ്രാമസഭകൾ കൂടുന്നില്ലെങ്കിലും 2012-13 വർഷത്തിൽ മൂന്ന് തവണ ഗ്രാമസഭ കൂടിയിട്ടുണ്ട്. ഇതു കൂടാതെ തൊഴിലുറപ്പ് ഗ്രാമസഭയും കൂടുന്നുണ്ട്. ഗ്രാമസഭകളിൽ തൃപ്തികരമായ ജനപങ്കാളിത്തം ഉള്ളതായി മിനിട്സിൽ കാണുന്നു. വാർഷിക ബജറ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. സാമൂഹിക ക്ഷേമ പെൻഷനുകളുടെ അംഗീകരിച്ച പട്ടികയും നിരസിക്കപ്പെട്ടവയുടേയും വിവരം ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഗ്രാമസഭകളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ

പങ്കെടുക്കുന്നില്ല.

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2015 ജനുവരി 20ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹17,120/- യുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**ഭാഗം - 2**

**വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം**

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

ചേന്ദമംഗലംഗ്രാമപഞ്ചായത്തിലെ 2012-13 ,2013-14 വർഷങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽകണ്ടെത്തിയ അപാകതകൾചുവടെ ചേർക്കുന്നു.

(1)-ജീവനക്കാരുടെ വരുമാനത്തിനനുസരിച്ച്തൊഴിൽനികുതി ഒടുക്കിയില്ല.2090 രൂപവരവ്നഷ്ടം.

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനനുസരിച്ച് തൊഴിൽനികുതി ഒടുക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെചേർക്കുന്നു.

| ക്രമനം . | പേര് ,തസ്തിക | സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | ഒടുക്കേണ്ട നികുതി | ഒടുക്കിയ നികുതി | കുറവ് | |
|---|---|---|---|---|---|---|---|
| 2012-13 | | | | | | | |
| 1 | ആൽബർട്ട് ഫ്രാൻസിസ്എസ്, PE Tr. | സെയിന്റ് ജോസഫ്സ് ഹൈസ്കൂൾ,ചാത്തേടം | 78728 | 750 | 600 രൂ (11204101738/ | 150 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 7.9.12) | |
| 2 | ഷാജൻ വിജെ,<br>ഓഫീസ്അറ്റൻഡന്റ് | സെയിന്റ്<br>ജോസഫ്സ്<br>ഹൈസ്കൂൾ,ചാത്തേടം | 77762 | 750 | 600 രൂ<br>(11204101738/7.9.12) | 150 |
| 2013-14 | | | | | | |
| 3 | കെ.പിഗോപാലകൃഷ്ണൻ,<br>ഓഫീസ്അറ്റൻഡന്റ് | ഡി ഡി സഭ<br>ഹൈസ്കൂൾ | 149530 | 1250 | 1000 രൂ<br>(4101694/3.9.13) | 250 |
| 4 | കെ.കെബാലാമണി,<br>ഓഫീസ്അറ്റൻഡന്റ് | ഡി ഡി സഭ<br>ഹൈസ്കൂൾ | 131908 | 1250 | 1000 രൂ<br>(4101694/3.9.13) | 250 |
| 5 | സോജൻ പി.എ,<br>സെക്രട്ടറി | ചേന്ദമംഗലം<br>കൈത്തറി നെയ്ത്ത് വ്യവസായ<br>സഹകരണസംഘം | 90810 | 750 | 600 രൂ<br>(11308100313/<br>26.2.14) | 150 |
| 6 | ചന്ദ്രൻ<br>എം,വീവിംഗ്മാസ്റ്റർ | ചേന്ദമംഗലം<br>കൈത്തറിനെയ്ത്ത് വ്യവസായ<br>സഹകരണസംഘം | 87300 | 750 | 600 രൂ(11308100313/<br>26.2.14) | 150 |
| 7 | ലിസ്സി ടിഎസ്,<br>ബ്രാഞ്ച്മാനേജർ | ചേന്ദമംഗലം<br>കൈത്തറിനെയ്ത്ത് വ്യവസായ<br>സഹകരണസംഘം | 90090 | 750 | 600 രൂ(11308100313/<br>26.2.14) | 150 |